# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : *384 13/11/2019 ൽ മറുപടിയ്ക്ക്

### കണ്ടൽ വനസംരക്ഷണത്തിന് പൊതു-സ്വകാര്യ പങ്കാളിത്തം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജെയിംസ് മാത്യു<br>,, എസ്.ശർമ്മ<br>,, കെ. ദാസൻ<br>,, കെ.വി.അബ്ദുൾ ഖാദർ | അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും<br>മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | തീരസംരക്ഷണത്തിന് ഹരിതമതിലായി പ്രവർത്തിക്കുന്നതും മത്സ്യങ്ങളുടെയും ചെറുജീവികളുടെയും ആവാസ വ്യവസ്ഥയുമായ കണ്ടൽക്കാടുകളുടെ വിസ്തൃതിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ശോഷണം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ | കണ്ടൽക്കാടുകൾ സ്വകാര്യമേഖലയിലും ഉണ്ട്. അവയുടെ കൃത്യമായ കണക്ക് ലഭ്യമല്ല. ആയതിനാൽ കണ്ടൽക്കാടുകളുടെ വിസ്തൃതിയിൽ ഉണ്ടായ ശോഷണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാസർഗോഡ് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ 2019-20 വർഷത്തിൽ കണ്ടൽക്കാടുകൾ ഉൾപ്പെടുന്ന തണ്ണീർതടങ്ങളിൽ ദേശാടന പക്ഷികളും, തദ്ദേശ ഇനത്തിലുള്ള പക്ഷികളും എത്തുന്നത് നിരീക്ഷിക്കുന്നതിനും, തണ്ണീർതടങ്ങളുടെ മാറ്റം നിരീക്ഷിക്കുന്നതിനും എട്ടോളം പ്രദേശങ്ങളിൽ പഠനം നടത്തിവരുന്നുണ്ട്. മറ്റ് ശാസ്ത്രീയ പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല. |
| ബി | വിവിധ സർക്കാർ വകുപ്പുകളുടെ അധീനതയിലുള്ള കണ്ടൽക്കാടുകൾ റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനും സ്വകാര്യ വ്യക്തികളുടെ കൈവശമുള്ളവ പ്രതിഫലം നൽകി ഏറ്റെടുക്കുന്നതിനും 'മിഷൻ മാൻഗ്രോവ്' എന്ന പേരിൽ പദ്ധതി നടപ്പാക്കിവരുന്നുണ്ടോ; വിശദാംശം നൽകുമോ; | ബി | കണ്ണൂർ ജില്ലയിൽ റവന്യൂ വകുപ്പുമായി ചേർന്ന് 'മിഷൻ മാൻഗ്രോവ്' പദ്ധതി ആസൂത്രണം ചെയ്ത് വിവിധ വകുപ്പുകളുടെ കൈവശത്തിലുള്ള 237.92 ഹെക്ടർ കണ്ടൽ പ്രദേശം വനമായി നോട്ടിഫൈ ചെയ്ത് സംരക്ഷിച്ചുവരുന്നുണ്ട്. റീബിൽഡ് കേരള പദ്ധതിയോടനുബന്ധിച്ച് എല്ലാ ജില്ലകളിലും 'കൺസോളിഡേഷൻ ഓഫ് മാൻഗ്രോവ്സ്' നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർക്കാർ വകുപ്പുകളുടെ അധീനതയിലുള്ള കണ്ടൽക്കാടുകൾ റിസർവ്വ് വനമായി പ്രഖ്യാപിക്കുന്നതിനും, സ്വകാര്യവ്യക്തികളുടെ കൈവശമുള്ളവ പ്രതിഫലം നൽകി ഏറ്റെടുത്ത് റിസർവ്വ് വനമാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ട്. എറണാകുളം ജില്ലയിൽ പുതുവൈപ്പിൽ 65.83 ഹെക്ടർ കണ്ടൽക്കാടുകൾ റിസർവ്വാക്കുന്നതിനും തൃശ്ശൂർ സോഷ്യൽഫോറസ്ട്രി ഡിവിഷന് കീഴിലുള്ള |

| | | | |
|---|---|---|---|
| | | | വെൺമനാട് വില്ലേജിലെ പാവറട്ടി പഞ്ചായത്തിന്റെ കൈവശമുള്ള 94.77 ഹെക്ടർ കണ്ടൽക്കാടുകൾ റിസർവ്വാക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| സി | കണ്ടൽ വനങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് കണ്ടൽ വനസംരക്ഷണത്തിന് പൊതു-സ്വകാര്യ പങ്കാളിത്തം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | സി | കണ്ടൽ സംരക്ഷണത്തിനായി നിലവിൽ നടപ്പിലാക്കുന്ന പദ്ധതികളെല്ലാം തന്നെ പൊതു സ്വകാര്യ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതാണ്. ഇതിന്റെ ഭാഗമായി സ്വകാര്യ വ്യക്തികൾക്ക് കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് ഏക്കറിന് 4000/-രൂപ എന്ന നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട് കേന്ദ്ര സഹായത്തോടെ Conservation and Management of Mangroves (60% CSS) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം വേമ്പനാട്, കണ്ണൂർ മേഖലകളിൽ കണ്ടൽ സംരക്ഷണ പ്രവൃത്തികൾ നടത്തി വരുന്നു. ടി പദ്ധതി പ്രകാരം വനം വകുപ്പ് കണ്ടൽ തൈകളും, തീര പ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ്ശ് എന്നിവ ഉൽപാദിപ്പിച്ച് നേരിട്ട് നട്ടുപിടിപ്പിക്കുകയും,കൂടാതെ നട്ടുപിടിപ്പിക്കുന്നതിനായി പൊതു ജനങ്ങൾക്ക് വിതരണവും ചെയ്തുവരുന്നു കൂടാതെ കണ്ടൽ വളരുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും വനാശ്രിതത്വം കുറയ്ക്കുന്നതിനും വാട്ടർ ടാങ്കുകൾ, ഗ്യാസ് കണക്ഷൻ, ബയോഗ്യാസ് യൂണിറ്റ് എന്നിവ വിതരണം ചെയ്യുകയും ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വരുമാന വർദ്ധനവിന് സഹായം ചെയ്യുകയും ചെയ്തുവരുന്നു.<br>കൂടാതെ കണ്ടൽ സംരക്ഷണത്തിനായി ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതി പ്രകാരം ആസൂത്രണം ചെയ്തിരിയ്ക്കുന്ന പ്രവർത്തനങ്ങൾ എല്ലാം തന്നെ ജനകീയ പങ്കാളിത്തത്തോടുള്ള കണ്ടൽ വന സംരക്ഷണ പ്രവർത്തനങ്ങളാണ്. |

സെക്ഷൻ ഓഫീസർ